**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 176** **12-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ഇപ്പോൾ ഏതൊക്കെ ആശുപത്രികളിലാണ് ഉള്ളത്; മറ്റ് ആശുപത്രികളിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | നിലവിൽ സംസ്ഥാനത്ത് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലും കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യമുണ്ട്. മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. കൂടാതെ, അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തതയ്ക്ക് ഒരു പരിഹാരമെന്ന നിലയിലും അവയവം, ടിഷ്യൂ എന്നിവയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഗവേഷണത്തിനും പരിശീലനത്തിനുമായി സംസ്ഥാനത്ത് ഓർഗൻ &ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനമെടുക്കുകയും ആയതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ശസ്ത്രക്രിയയ്ക്കായി പ്രത്യേക ട്രാൻസ്പ്ലാന്റ് ടീമിനെ നിയോഗിച്ചിട്ടുണ്ടോയെന്നും അവർക്ക് പ്രത്യേക പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോയെന്നും മറ്റെന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഇതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) | കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നിലവിൽ അതാത് മെഡിക്കൽ കോളേജിലെ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം മുഖേനയാണ് നടത്തി വരുന്നത്. ഈ സംഘത്തിലുള്ളവർ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി വരുന്ന ആശുപത്രികൾ മുഖേന പരിശീലനം ലഭിച്ചവരാണ്. കൂടാതെ, ടി മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വേണ്ടി വരുന്ന ഐ.സി.യു, ശസ്ത്രക്രിയ സജ്ജീകൃതമായ മുറി, മറ്റ് ഇതര ഉപകരണങ്ങൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ | (സി) | സ്വകാര്യ മേഖലയിൽ വളരെയധികം പണച്ചെലവുള്ള കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തുന്നതിലൂടെ സാധാരണക്കാരായ രോഗികൾക്കും ചികിത്സാ രംഗത്തും ആരോഗ്യ മേഖലയിലും എന്തെല്ലാം നേട്ടങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ? | | സൗകര്യം സർക്കാർ ആശുപത്രികളിൽ ഒരുക്കുന്നതിലൂടെ സാധാരണക്കാരായ രോഗികൾക്ക് സൗജന്യ നിരക്കിൽ മേൽ ശസ്ത്രക്രിയ നടത്തുന്നതിന് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ